IV സബ്മിഷൻ

(1) കുഴിക്കാട്ടുകുന്നിൽ–മണ്ണത്തൂർ റോഡ്

ശ്രീ. ബെന്നി ബെഹനാൻ : സർ, എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട തിരുമാറാടി പഞ്ചായത്തിൽ പി. ഡബ്ല്യൂ. ഡി. ഏറെറടുത്ത് ടെൻഡർ ചെയ്ത ഒരു റോഡാണ് കുഴിക്കാട്ട് കുന്നിൽ മണ്ണത്തൂർ റോഡ്. ഇത് കഴിഞ്ഞ കുറെ വർഷങ്ങളായി ടെൻഡർ ചെയ്തിട്ട്. ടെൻഡർ ഏറെറടുത്തശേഷം അതിന്റെ കരാറുകാരൻ ഇട്ടിട്ടുപോയി. വീണ്ടും അതു റീ-ടെൻഡർ ചെയ്തു. മറെറാരു കരാറുകാരൻ പണി ഏറെറടുത്തു. ഇന്നുവരെ അതിന്റെ പണി തുടങ്ങിയിട്ടില്ല. അഞ്ചാറു ടെൻഡർ പൂർത്തീകരിച്ചിട്ടും ആ റോഡിന്റെ പണി നടക്കാതിരിക്കുന്നതിൽ ആ പ്രദേശത്തെ ജനങ്ങൾ വളരെയധികം ബുദ്ധിമുട്ടനുഭവിക്കുന്നു. അതുകൊണ്ട് അടിയന്തിരമായി ആ റോഡിന്റെ പണി തുടങ്ങുന്നതിനുവേണ്ട നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ഉപമുഖ്യമന്ത്രി (ശ്രീ. അവുക്കാദർക്കുട്ടിനഹ) : സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കുഴിക്കാട്ട് കുന്നിൽ-മണ്ണത്തൂർ റോഡ് 1979-ൽ ടെൻഡർ വിളിച്ച റോഡാണ്. ആറുലക്ഷത്തിതൊണ്ണൂററിരണ്ടായിരം രൂപയാണ് എസ്റെറിമേറെറ് വച്ചിരുന്നത്. അതിന്റെ 29 ശതമാനത്തിലധികം എസ്റെറിമേറിനും കുറച്ചാണ് കരാറുകാരൻ ഏറെറടുത്തത്. ആ കരാറുകാരൻ ആദായമുള്ള ചില വർക്കുകൾ എടുത്തശേഷം വർക്ക് ഇട്ടിട്ടുപോയി. അതിനുശേഷം അദ്ദേഹത്തെ ഒഴിവാക്കിക്കൊണ്ടുള്ള നിർദ്ദേശങ്ങൾ നൽകിയതിന്റെ അടിസ്ഥാനത്തിൽ അദ്ദേഹം കോടതിയിൽ പോയി സ്റേറ വാങ്ങുകയും കോടതി അദ്ദേഹത്തിന്റെ സാന്നിദ്ധ്യത്തിൽ അദ്ദേഹം ചെയ്ത വർക്കുകൾ അളവ് എടുത്തതിനുശേഷം മാത്രമെ മറെറാരു കരാറുകാരനെ വർക്കുകൾ ഏല്പിക്കാൻ പാടുള്ളുവെന്ന് നിർദ്ദേശിക്കുകയും ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ കഴിഞ്ഞ 84-ൽ രണ്ടാമത് ടെൻഡർ വിളിച്ചെങ്കിലും കോടതിയുടെ അനുമതികിട്ടാൻ താമസിച്ചതിനാൽ 10-9-1986-ൽ മറെറാരുകരാറുകാരനെ മാത്രമെ എഗ്രിമെൻറ് വയ്ക്കുവാൻ സാധിച്ചുള്ളു. അതു ഹൈക്കോടതിയുടെ സമ്മതത്തോടുകൂടിയാണ് ചെയ്തിട്ടുള്ളത്. 13-10-1986 ൽ കരാറുകാരന് സ്ഥലം കൈമാറിയിട്ടുണ്ട്. അദ്ദേഹം ഉടനെ പ്രവർത്തനം ആരംഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(2) പാലക്കാട് ജില്ലയിലെ വരൾച്ച

ശ്രീ. ഇ. കെ. നായനാർ : സ്പീക്കർ സർ, ഞാൻ പാലക്കാട് ചില മണ്ഡലങ്ങൾ സന്ദർശിച്ചു. വളരെ ഗുരുതരമായ വരൾച്ചയുടെ പ്രശ്നം അവിടെ ഉണ്ടായതായി നേരിട്ടുകാണാനിടയായി. നമ്മുടെ റവന്യൂ വകുപ്പുമന്ത്രി ഇതിനിടെ പാലക്കാട്ടുപോയി ഒരു സമ്മേളനം വിളിച്ചുകൂട്ടി. എം. പി. മാരും എം. എൽ. എ മാരും ആ സമ്മേളനത്തിൽ ഈ പ്രശ്നം ചർച്ച ചെയ്തു. എന്നിട്ട് അവസാനം സമ്മേളനത്തിൽ പങ്കെടുത്ത ചില ഉത്തരവാദപ്പെട്ട ആളുകളിൽനിന്നും എനിക്കറിയാൻ കഴിഞ്ഞത് സമ്മേളനത്തിന്റെ സമാപ്തിയിൽ, ഞാൻ നിങ്ങളുടെ പരാതികൾ കേൾക്കാൻ വന്നതാണ് ഒന്നും തീരുമാനിക്കാനും തരാനും വന്നതല്ല എന്ന് ശ്രീ. ജോസഫ് സംസാരിച്ചതായിട്ടാണ്, ആ സമ്മേളനത്തിൽ പങ്കെടുത്ത എം. എൽ. എ. മാരിൽ നിന്നും എം. പി. മാരിൽ നിന്നും മനസ്സിലാക്കാൻ കഴിഞ്ഞത് ഇതാണ്. എന്തായാലും അവിടത്തെ സ്ഥിതി വളരെ ഗുരുതരമാണ്. വരൾച്ച ബാധിത പ്രദേശമായി പ്രഖ്യാപിച്ചു എന്നാൽ ആ ഗ്രാമങ്ങളിൽ ഇന്നും, കുടിവെള്ളം കിട്ടാനില്ലാ കൃഷിക്കും വെള്ളം കിട്ടുന്നില്ല, മലമ്പുഴ പഞ്ചായത്തിലെ കാരക്കാട്, കുനുപ്പുള്ളി, വിളയിൽപ്പാറ അരയിക്കോട്, കുറിക്കാട് എന്നീ സ്ഥലങ്ങൾ ഒറെറപ്പെട്ട ഒരു ദ്വീപ് പോലുള്ള

LIBRARY ARCHIVES Kerala Legislative Assembly